**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ആപ്ലിക്കേഷനുകളും പ്രോഗ്രാമുകളും**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016 ജനുവരി ഒന്നിനു ശേഷം പൊതുമരാമത്ത് വകുപ്പിനും കീഴിലുള്ള സ്ഥാപനങ്ങൾക്കുമായി ഉണ്ടാക്കിയിട്ടുള്ള ആപ്ലിക്കേഷനുകളും കമ്പ്യൂട്ടർ പ്രോഗ്രാമുകളും വെബ്സൈറ്റുകളും ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2016 ജനുവരി ഒന്നിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് സെൽ മുഖേനയും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിയ സോഫ്റ്റ് വെയർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രോഗ്രാമുകളും ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും പ്രവർത്തനം ആരംഭിച്ചത് എന്നു മുതലാണെന്ന് അറിയിക്കാമോ; | (ബി) | 2016 ജനുവരി ഒന്നിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് സെൽ മുഖേനയും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിയ സോഫ്റ്റ് വെയർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള ആപ്ലിക്കേഷനുകളും പ്രോഗ്രാമുകളും വെബ്സൈറ്റുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | 2016 ജനുവരി ഒന്നിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് സെൽ മുഖേനയും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിയ സോഫ്റ്റ് വെയർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇവ ഓരോന്നിനുമായി ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | 2016 ജനുവരി ഒന്നിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് സെൽ മുഖേനയും അനുബന്ധ സ്ഥാപനങ്ങളിലും നടപ്പിലാക്കിയ സോഫ്റ്റ് വെയർ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| 1. പൊതുമരാമത്ത് വകുപ്പ് | | | |
|---|---|---|---|
| ക്രമ നമ്പർ | സോഫ്റ്റ് വെയർ പദ്ധതികൾ | ആരംഭിച്ച തീയതി | ചെലവഴിച്ച തുക |
| 1 | പൊതുമരാമത്ത് വകുപ്പിന്റെ പുതിയ ഔദ്യോഗിക വെബ്സൈറ്റ് (https://pwd.kerala.gov.in) കൂടെ വെബ്സൈറ്റിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ സിസ്റ്റവും(വിങ്ങ്സ് സോഫ്റ്റ് വെയർ) | 10.11.2019 മുതൽ | ഇതുവരെ വെബ് സൈറ്റ് ചെയ്യുന്നതിന് 11,27,450 രൂപ സി.ഡിറ്റിന് നൽകിയിട്ടുണ്ട്. (ഇനി 9,89,590 രൂപ നൽകാനുണ്ട്) നിലവിൽ പ്രവർത്തനക്ഷമമാണ് |
| 2 | പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് & മാനേജ്മെന്റ് സിസ്റ്റം (https://resthouse.pwd.kerala.gov.in/) | ഈ പദ്ധതി 2020 നവംബർ 5 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ തിരഞ്ഞെടുത്ത 15 റസ്റ്റ് ഹൗസുകളിൽ നടപ്പാക്കിയിരുന്നു. തുടർന്ന് 1.11.2021 മുതൽ എല്ലാ റസ്റ്റ് ഹൗസുകളിലും നടപ്പാക്കി | പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് പുതുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9,70,000 രൂപ ചെലവിലാണ് വികസിപ്പിച്ചിരിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമാണ് |
| 3 | പി.ഡബ്ല്യൂ.ഡി ഫിക്സ് ഇറ്റ് മൊബൈൽ ആപ്പ് | 2018 ജൂലൈ 28 ൽ നടന്ന മൂന്നാമത് എഞ്ചിനീയേഴ്സ് കോൺഗ്രസിൽ വച്ച് പി.ഡബ്ല്യൂ.ഡി ഫിക്സ് ഇറ്റ് എന്ന മൊബൈൽ ആപ്പ് പ്രകാശനം ചെയ്തു. | പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് വിഭാഗം Hubspire എന്ന കമ്പനിയുമായി സഹകരിച്ചാണ് പി.ഡബ്ല്യൂ.ഡി ഫിക്സ് ഇറ്റ് എന്ന മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്ത് നടപ്പാക്കിയത്. ഈ കമ്പനി സൗജന്യമായാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തിയത്. നിലവിൽ പ്രവർത്തനക്ഷമമല്ല. |
| 4 | പ്രൈസ് സോഫ്റ്റ് വെയർ രണ്ടാം ഘട്ടം (www.price.kerala.gov.in), (പ്രൈസ്2 & പ്രൈസ്-3) | പൊതുമരാമത്ത് വകുപ്പിൽ 1.6.2019 മുതൽ പ്രൈസ്-2 നടപ്പാക്കുകയും തുടർന്ന് 1-7-2021 മുതൽ പ്രൈസ്-3 വേർഷൻ നടപ്പാക്കുകയും ചെയ്തു. | ഇവ മൂന്നും പ്രൈസ് സോഫ്റ്റ് വെയറിന്റെ ഭാഗമായാണ് ചെയ്യുന്നത്. പ്രൈസ് സോഫ്റ്റ് വെയർ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഇതുവരെ എൻ.ഐ.സി യ്ക്ക് 18,827,673 രൂപ നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമാണ് |
| 5 | മരാമത്ത് കരാറുകാർക്ക് വേണ്ടിയുള്ള ഓൺലൈൻ പോർട്ടൽ | 1.6.2019 മുതൽ | |

| | | | |
|---|---|---|---|
| | (www.contractors.kerala.gov.in), | | |
| 6 | പൊതുമരാമത്ത് വകുപ്പ് നൽകുന്ന വിവിധ സേവനങ്ങൾക്കായുള്ള സർവീസസ് പോർട്ടൽ (https://pwdservices.kerala.gov.in) | 2.8.2021 മുതൽ | |
| 7 | റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റവും (RMMS) പി.ഡബ്യൂ.ഡി ഫോർ യു മൊബൈൽ ആപ്പും (https://pwdrmms.kerala.gov.in/) | പി.ഡബ്യൂ.ഡി ഫോർ യു മൊബൈൽ ആപ്പ് 7.6.2021 മുതൽ, റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) 25.11.2021 മുതൽ | കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഈ പദ്ധതികൾക്കായി 39,336,588 രൂപ നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമാണ് |
| 8 | ഇ-ഓഫീസ് സംവിധാനം (https://eofficepwd.kerala.gov.in) | ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ 20.05.2020 മുതൽ എല്ലാ പി.ഡബ്യൂ.ഡി ഓഫീസുകളിലും 01.01.2022 മുതൽ | ഇ-ഓഫീസ് സോഫ്റ്റ് വെയർ കേരള ഐ.ടി മിഷൻ ആണ് നടപ്പാക്കിയത്. ഈ സോഫ്റ്റ് വെയറിനായി പൊതുമരാമത്ത് വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. നിലവിൽ പ്രവർത്തനക്ഷമമാണ് |
| 9 | തൊട്ടറിയാം പി.ഡബ്യൂ.ഡി എന്ന ഓൺലൈൻ പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം (https://thottariyaampwd.kerala.gov.in/pms/) | 20.04.2022 മുതൽ | കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഇതുവരെ 11,95,509 രൂപ നൽകിയിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമാണ് |

## 2. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് (കെ.എസ്.റ്റി.പി)

വെബ്സൈറ്റ് നവീകരിക്കുന്നതിനായി 38,087/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനക്ഷമമാണ്.

## 3. കേരള റോഡ് ഫണ്ട് ബോർഡ്

ഇ-ഓഫീസ് നവംബർ, 2021 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് 57,672/- രൂപ ചെലവായി. നിലവിൽ പ്രവർത്തനക്ഷമമാണ്.

## 4. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ

വെബ്സൈറ്റ് നവീകരിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. 2021 മുതൽ നവീകരിച്ച വെബ്സൈറ്റാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വെബ്സൈറ്റ് നവീകരിക്കുന്നതിനായി 7,08,000/- ചെലവഴിച്ചിട്ടുണ്ട്.